## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4406 26.06.2014 -ലെ മറുപടിയ്ക്ക്

## മലയാള സർവ്വകലാശാലയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മലയാളം സർവ്വകലാശാലയുടെ പ്രവർത്തനപുരോഗതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | സർവ്വകലാശാലയുടെ പ്രവർത്തന പുരോഗതി തൃപ്തികരമാണോ; | (ബി) | ആണ്. |
| (സി) | സർവ്വകലാശാലയുടെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത് എന്ന് വെളിപ്പെടുത്താമോ? | (സി) | ഒരു മലയാളം നിഘണ്ടു പ്രോജക്റ്റ്, ഭാഷാഭേദ സർവ്വേ, എഴുത്തുകാരനും അധ്യാപകരുമായുള്ള അഭിമുഖങ്ങൾ/ ക്ലാസുകൾ എന്നിവ റിക്കാർഡ് ചെയ്യുന്ന പ്രോജക്റ്റ്, പൈതൃക സാമഗ്രികൾ, പുരാരേഖകൾ, കൈയെഴുത്ത് പ്രതികൾ ഇവ ശേഖരിക്കുന്ന പ്രോജക്റ്റ് എന്നീ പ്രോജക്റ്റുകൾക്ക് ഭരണപരമായ അംഗീകാരം നൽകി കഴിഞ്ഞു. ഇന്റർനെറ്റിൽ ലഭ്യമാകുന്ന സമഗ്രമലയാളം നിഘണ്ടുനിർമ്മാണത്തിന്റെ സാങ്കേതികമായ തയ്യാറെടുപ്പുകൾ പൂർത്തിയായി. നിലവിലുള്ള നിഘണ്ടുക്കൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നു. മലയാളസർവ്വകലാശാലയിൽ ഒരു പ്രസിദ്ധീകരണവിഭാഗം ആരംഭിക്കണമെന്നും അന്താരാഷ്ട്ര നിലവാരമുള്ള ഒരു ത്രൈമാസിക |

| | | | |
|---|---|---|---|
| | | | ജേർണൽ പ്രസിദ്ധീകരിക്കണമെന്നും തീരുമാനിച്ചു. നവംബർ ഒന്നിന് ആദ്യലക്കം പ്രസിദ്ധീകരിക്കാനും ഒരു വർഷത്തേയ്ക്കുള്ള ലക്കങ്ങൾ ആസൂത്രണം ചെയ്യണമെന്നും എഴുത്തച്ഛൻ, ഗുണ്ടർട്ട്, എ.ആർ, രാജരാജവർമ്മ എന്നിവരെക്കുറിച്ച് , മികച്ച പ്രബന്ധങ്ങൾ സമാഹരിച്ച് ഓരോ പുസ്തകം പ്രസിദ്ധികരിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്.<br>മലയാളസർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ എഴുത്തച്ഛൻ പ്രഭാഷണം, ചന്തുമേനോൻ സ്മാരകപ്രഭാഷണം, വള്ളത്തോൾ സ്മാരകപ്രഭാഷണം എന്നീ വാർഷികപ്രഭാഷണങ്ങൾ നടത്താനും തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ